**പതിനാലാം കേരള നിയമസഭ**

**5-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.72** **25.04.2017-ൽ മറുപടിയ്ക്ക്**

# ജലാശയങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം

| ചോദ്യം<br>ശ്രീ.പി. ഉണ്ണി : | മറുപടി<br>**ശ്രീ. പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കേരളത്തിലെ കരയും, കായലും, കടൽത്തീരവും എല്ലാം മലിനമായ അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) നമ്മുടെ കരയേയും, കടലിനേയും, ജലാശയങ്ങളേയും നശിപ്പിച്ചുകൊണ്ടിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യത്തിന്റെ സാന്നിധ്യം ഇല്ലായ്മ ചെയ്യുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;<br>(സി) പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ? | (ബി) & (സി) പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ പിഴ ചുമത്തുന്നതിന് ബന്ധപ്പെട്ട നിയമങ്ങളിൽ/ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. പ്ലാസ്റ്റിക് വേസ്റ്റ് ചട്ടങ്ങൾ 2016 പ്രകാരം 50 മൈക്രോണിൽ താഴെ കനമുള്ള ക്യാരി ബാഗുകൾ രാജ്യ വ്യാപകമായി നിരോധിച്ചിട്ടുള്ളതാണ്. കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ - 2016 ലെ വ്യവസ്ഥകൾ പത്ര പരസ്യം വഴി പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യം പുന:ചംക്രമണം നടത്തുന്ന സ്ഥാപനങ്ങൾക്ക് പ്ലാസ്റ്റിക് വേസ്റ്റ് ചട്ടങ്ങൾ 2016 പ്രകാരം സംസ്ഥാന മലിനീകരണ |

നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. അത്തരം സ്ഥാപനങ്ങൾക്ക് ബോർഡിൽ നിന്നും അനുമതി നൽകി വരുന്നു.

കൂടാതെ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന നടപടികളും സ്വീകരിച്ചു വരുന്നു.

1. സർക്കാർ സ്ഥാപനങ്ങൾ, പൊതു, സ്വകാര്യ, മതപരമായ ചടങ്ങുകളിൽ ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കാൻ ശുചിത്വമിഷൻ മുഖേനയുള്ള നടപടികൾ.

2. ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് ടാർ ചെയ്യുന്നതിനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള നടപടികൾ.

3. റീസൈക്ലിംഗ് വ്യാപാരങ്ങൾ സംസ്ഥാനത്തിനകത്ത് ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ.

4. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം എക്സ്റ്റന്റഡ് പ്രൊഡ്യൂസേഴ്സ് റെസ്പോൺസിബിലിറ്റി (EPR) നടപ്പിലാക്കുന്നതിനുള്ള നടപടികൾ.

5. ജനങ്ങളിൽ അനുകൂല മനോഭാവം രൂപീകരിക്കുന്നതിന് ശുചിത്വമിഷൻ മുഖേനയുള്ള വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.

6. പ്ലാസ്റ്റിക് ഉത്പന്നങ്ങൾക്ക് പ്രകൃതി

സൗഹൃദ ബദൽ ഉത്പന്നങ്ങളുടെ ഉത്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ.

സെക്ഷൻ ഓഫീസർ